ബനൂ നദീർ ഗോത്രത്തിന്റെ സ്വത്ത്, മുസ്ലിംകൾ അതിനു
വേണ്ടി കുതിരയെയോ ഒട്ടകത്തിനെയോ ഓടിക്കാതെ തന്നെ
അല്ലാഹു അവന്റെ റസൂലിന് യുദ്ധരഹിതം നൽകിയതായിരുന്നു.
ഉമറുബ്നുൽ ഖത്താബ് (رضي الله عنه) പറയുന്നു: "ബനൂ നദീർ ഗോത്രത്തിന്റെ സ്വത്ത്,
മുസ്ലിംകൾ അതിനു വേണ്ടി കുതിരയെയോ ഒട്ടകത്തിനെയോ ഓടിക്കാതെ തന്നെ അല്ലാഹു
അവന്റെ റസൂലി(صلى الله عليه وسلم(ന് യുദ്ധരഹിതം നൽകിയതായിരുന്നു. അത് അല്ലാഹുവിന്റെ റസൂലി(صلى الله عليه وسلم(ന്
മാത്രം സ്വന്തമായതായിരുന്നു. അവിടുന്ന് അതിൽ നിന്ന് തന്റെ കുടുംബത്തിന്റെ ഒരു
വർഷത്തെ ചെലവിന് വേണ്ടത് നീക്കിവെച്ചിരുന്നു. ബാക്കിയുള്ളത് അല്ലാഹുവിന്റെ
മാർഗത്തിലെ യുദ്ധസന്നാഹമായ കുതിരകളും ആയുധങ്ങളും ഒരുക്കാൻ അവിടുന്ന് (صلى الله عليه وسلم(
ചെലവഴിക്കുമായിരുന്നു."
[സ്വഹീഹ്] [ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്]
https://sunnah.global/hadeeth/ml/show/2983